No. of Printed Pages : 5 **BMYLA-135**(Malayalam)

## B.A General (BAG)

# Term-End Examination

## December, 2024

**BMYLA-135: Modern Indian Language : Malayalam**

*Duration : 3 Hours* *Maximum Marks: 100*

പ്രിൻറ് ചെയ്ത പേജുകളുടെ എണ്ണം: 5 **BMYLA-135**

## ബി.എ. ജനറല്. (BAG)

## ടേം-അവസാന പരീക്ഷ

## ഡിസംബർ - 2024

**BMYLA-135: മോഡേണ് ഇന്ത്യന് ലാംഗ്വേജ്: മലയാളം.**

*സമയം: 3 മണിക്കൂർ* പരമാവധി മാർക്ക്: *100*

സൂചനകൾ:

1. എല്ലാ ചോദ്യങ്ങൾക്കും നിർദ്ദേശാനുസരണം ഉത്തരമെഴുതുക.
2. വ്യക്തതയും വാക്കുകളുടെ പരിധിയും പാലിക്കുക.

**P. T. O.**



1 താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 10x2 =20

(i) പാട്ടിന്റെ ലക്ഷണമെഴുതുക

(ii) മലയാളത്തിലെ ഏതെങ്കിലും രണ്ട് മഹാകാവ്യങ്ങളുടെ പേരെഴുതുക

(iii) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക

(a) വിണ്ടലം (b) കണ്ടുവോ

(iv) ദ്വന്ദസമാസത്തിനുരണ്ട് ഉദാഹരണങ്ങൾ എഴുതുക

(v) ദൈവങ്ങളെ സൃഷ്ടിക്കുന്നത് നമ്മള് മലയന്മാരാ. നമ്മള് തിറ കെട്ടിയില്ലെങ്കിൽ ഓലില്ല.

- ആരുടെ വാക്കുകളാണിത്? ഏത് സന്ദർഭത്തിൽ?

(vi) സ്വാതന്ത്ര്യസമര സേനാനിയായിരുന്ന വേണുവിന്റെ കണ്ണുകൾ നഷ്ടപ്പെട്ടതെങ്ങനെ?

(vii) അനുകല്പനം (adaptation) എന്നാലെന്ത്?

(viii) മാർഗ്ഗംകളി - കുറിപ്പെഴുതുക

(ix) മാധവിക്കുട്ടിയുടെ ‘കോലാട്’ എന്ന കഥയുടെ പ്രമേയമെന്ത്?

(x) താഴെ കൊടുത്തിട്ടുള്ള ശൈലികളുടെ വിവക്ഷിതാർത്ഥം വ്യക്തമാക്കുക.



Downloaded from www.IGNOUBABA.com

(a) കുറുപ്പില്ലാക്കളരി

(b) ധനാശി പാടുക

2. ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4x5 =20

(i) 'ഭാഷാകൗടലീയ'ത്തെക്കുറിച്ച് ലഘുവിവരണം നൽകുക.

(ii) നാമം, കൃതി, ഭേദകം - നിർവചിച്ചുദാഹരിക്കുക

(iii) കലി-പുഷ്ക്കര സംവാദം ചുരുക്കി പ്രതിപാദിക്കുക.

(iv) മൊബൈൽ ഫോണിൽ റഫീക് അഹമ്മദ് കാണുന്ന ദോഷങ്ങൾ എന്തെല്ലാമാണ്?

(v) "എനിക്ക് ഒരുവകയായും ഭ്രാന്ത് ഇതുവരെ ഒന്നും ഉണ്ടായിട്ടില്ല"- ആര്, ആരോട് പറഞ്ഞതാണിത്? ഏത് സന്ദർഭത്തിൽ?

(vi) തെയ്യം - കുറിപ്പെഴുതുക

3. ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4x8 =32





(i) എഴുത്തച്ഛനെടുത്ത 'ഭാഷാക്രമക്കണക്കി'ന്റെ പ്രാധാന്യമെന്ത്?

(ii) വയലാർ രാമവർമ്മയുടെ കാവ്യദർശനത്തെക്കുറിച്ച് വിശദമാക്കുക.

(iii) ആശയ വിപുലനം ചെയ്യുക:
ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം

(iv) ജോൺ സായിപ്പിനെ രാജൻ കാക്കനാടൻ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

(v) ഭാരതയുദ്ധം തുടങ്ങുന്നതിനു മുമ്പ് കൗരവ - പാണ്ഡവർ തമ്മിൽ ചെയ്ത കരാർ എന്തായിരുന്നു?

(vi) ഓണവുമായി ബന്ധപ്പെട്ട വിവിധ ഐതിഹ്യങ്ങൾ എന്തെല്ലാമാണ്?

4. ഏതെങ്കിലും രണ്ട് ഉപന്യാസങ്ങൾ എഴുതുക. 2x10 =20

(i) കേരളപാണിനിയുടെ ആറു നയങ്ങൾ ഏതെല്ലാമാണ്? വിശദമാക്കുക

(ii) മണിപ്രവാള പ്രസ്ഥാനത്തിൽപ്പെട്ട പ്രധാന കൃതികളെക്കുറിച്ച് വിവരണക്കുറിപ്പുകൾ തയ്യാറാക്കുക.

(iii) വടക്കൻപാട്ടു കഥകളിലെ പ്രതിനായക കഥാപാത്രമായ ചന്തുവിനെ വെള്ള



Downloaded from www.IGNOUBABA.com

പൂശാനാണ് ഒരു വടക്കൻ വീരഗാഥയിലൂടെ എം.ടി. വാസുദേവൻ നായർ ശ്രമിക്കുന്നത്- നിരൂപിക്കുക.

(iv) കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രകലകളെ പരിചയപ്പെടുത്തുക.

5. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക. 1x8 =8

Astronomy is the science that encompasses the study of all extraterrestrial objects and phenomena. Until the invention of the telescope and the discovery of the laws of motion and gravity in the 17th century, astronomy was primarily concerned with noting and predicting the positions of the sun, moon, and planets, originally for calendrical and astrological purposes and later for navigational uses and scientific interest. With the advent of scientific space probes, earth also has come to be studied as one of the planets.



Downloaded from www.IGNOUBABA.com